


കേരള നോൺ ബാങ്കിങ് ഫിനാൻസ് കമ്പനികളുടെ വാർഷിക സമ്മേളനം കൊച്ചിയിൽ ധനകാര്യവകുപ്പ് മന്ത്രി കെ.എം. മാണി ഉദ്ഘാടനം ചെയ്യുന്നു. ശ്രീധർ പ്രസാദ്, അലക്സാണ്ടർ ജോർജ്, തോമസ് ജോർജ്, നന്ദകുമാർ എന്നിവർ സമീപം.

# വായ്പാ വിതരണ രംഗത്ത് ബാങ്കിങ് ഇതര ധനകാര്യമേഖലയുടെ പ്രവർത്തനം ശ്ലാഘനീയം: കെ.എം മാണി

കൊച്ചി

## 'മുതൽ മുടക്കാൻ താത്പര്യമുള്ളവർക്ക് എല്ലാ പിന്തുണയും നൽകും'

വായ്പകൾ ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിൽ ബാങ്കിങ് ഇതര ധനകാര്യ മേഖല വഹിക്കുന്ന പങ്ക് പ്രശംസനീയമാണെന്നു ധനകാര്യ മന്ത്രി കെ.എം. മാണി. നോൺ ബാങ്കിങ് ഫിനാൻസ് കമ്പനികളുടെ വാർഷിക സമ്മേളനം കൊച്ചിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

സമൂഹത്തിന് ആവശ്യമായ വായ്പകൾ ബാങ്കിങ്ങ് സെക്ടറിൽ നിന്നും ലഭിക്കുന്നില്ല.

ഈ അന്തരം പരിഹരിക്കുന്നതു ബാങ്കിങ് ഇതര ധനകാര്യസ്ഥാപനങ്ങളാണ്. മിതമായ പലിശ നിരക്കിൽ വായ്പ്പനൽകുന്ന ധനകാര്യ സ്ഥാപനങ്ങൾക്ക് എല്ലാ പിന്തുണയും നൽകും. ധനകാര്യ സ്ഥാപനങ്ങളുടെ അമിത പലിശ ഒഴിവാക്കുന്നതിനും മേഖലയുടെ സൽപ്പേര് നിലനിർത്തുന്നതിനും സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

ധനകാര്യ മന്ത്രി എന്ന നിലയിൽ മുതൽ മുടക്കാൻ താത്പര്യമുള്ളവർക്ക് എല്ലാ പിന്തുണയും താൻ നൽകുമെന്നും മന്ത്രി പറഞ്ഞു.

റിസർവ് ബാങ്ക് ഒഫ് ഇന്ത്യ ജനറൽ മാനെജർ അനിൽ കെ. ശർമ, കെപിഎംജി റിസ്ക്ക് കൺസൽട്ടിങ്ങ് ഡയറക്ടർ, ശ്രീധർ പ്രസാദ്, കെഎൻബിഎഫ്സി ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ്, വൈസ് ചെയർമാൻ കുര്യൻ സി. ജോർജ് തുടങ്ങിയവർ പങ്കെടുത്തു.